ഇറിഗേഷൻ വകുപ്പിലെ തൊഴിലാളികൾ

116 (2028) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇറിഗേഷൻ വകുപ്പിൽ എത്ര എസ്.എൽ.ആർ., സി.എൽ.ആർ., എച്ച്.ആർ. തൊഴിലാളികൾ ജോലി നോക്കുന്നുണ്ട് ; വിവിധ ഡിവിഷനുകൾ തിരിച്ച് കണക്ക് വ്യക്തമാക്കാമോ ;

(ബി) ഇറിഗേഷൻ വകുപ്പിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ എത്ര തൊഴിലാളികളെ സ്ഥിരപ്പെടുത്തി ; എത്രപേരെ സർവ്വീസിൽ റഗുലറൈസ് ചെയ്തിട്ടുണ്ട് ;

(സി) ഇറിഗേഷൻ വകുപ്പിലെ ദിവസക്കൂലിക്കാരുടെ (എച്ച്.ആർ.) വേതനം പരിഷ്ക്കരിച്ചിട്ടുണ്ടോ ; ഇവർക്ക് നൽകുന്ന വേതനം എത്ര ;

(ഡി) എസ്. എൽ. ആർ. തൊഴിലാളികളുടെ വേതനം പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) പാലക്കാട് ഡിവിഷനിലെ എസ്.എൽ.ആർ. തൊഴിലാളികളെ സർവ്വീസിൽ റഗുലറൈസ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്, ജി. ഒ (എം. എസ്.) 21/98/പൊ.ഗ.മ.വ. തീയതി 16-4-1998 പ്രകാരം എച്ച്. ആർ. കാരുടെ വേതനം 28 രൂപ (സ്കിൽഡ് വർക്കർ). 24 രൂപ (അൺസ്കിൽഡ് വർക്കർ) എന്നീ ക്രമത്തിൽ നിശ്ചയിച്ചിരുന്നു. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ നല്കുന്ന വേതനം ഇപ്രകാരമാണ്.

1.	ലിഫ്റ്റ് ഇറിഗേഷൻ ഓപ്പറേറ്റർ	70 രൂപ
2.	കനാൽ വാച്ച്മാൻ	57 രൂപ
3.	ലിഫ്റ്റ് ഇറിഗേഷൻ വച്ച്മാൻ	
4.	ഹെൽപ്പർ	56 രൂപ
5.	ലോക്ക് ഓപ്പറേറ്റർ	57 രൂപ

(ഡി) ഇക്കാര്യം പൊതുമരാമത്ത് വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ പരിഗണനയിലാണ്.

(ഇ) നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എസ്.എൽ.ആർ. തൊഴിലാളികൾ റഗുലർ നിയമനത്തിന് അർഹരല്ല.

LIBRARY ARCHIVES Kerala Legislative Assembly